പതിമൂന്നാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2768 — 19.02.2016 -ൽ മറുപടിക്ക്.

## പാചകവാതക വിതരണം

| ചോദ്യം | | മറുപടി |
|---|---|---|
| **ശ്രീ.എ. കെ. ശശീന്ദ്രൻ** | | **ശ്രീ. അനൂപ് ജേക്കബ് (ഭക്ഷ്യവും പൊതു വിതരണവും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)** |
| (എ) വേതനവർദ്ധന ആവശ്യപ്പെട്ട് ഉദയംപേരൂർ ഐ.ഒ.സി ബോട്ടിലിങ്ങ് പ്ലാന്റിലെ കരാർ തൊഴിലാളികൾ അനിശ്ചിതകാല പണിമുടക്ക് സമരം തുടങ്ങിയത് കൊണ്ട് പാചാകവാതക വിതരണം ഏറെക്കുറെ തടസ്സപ്പെട്ടകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;<br>(ബി) തൊഴിലാളി യൂണിയനുകളുടെ ആവശ്യമെന്താണ്; ഇക്കാര്യത്തിൽ തൊഴിലാളി യൂണിയൻ നേതാക്കളുമായി ലേബർ കമ്മീഷൻ ചർച്ച നടത്തിയിരുന്നോ; എന്തൊക്കെ കാര്യങ്ങളാണ് ചർച്ചയിൽ ഉരുത്തിരിഞ്ഞുവന്നതെന്ന് വ്യക്തമാക്കാമോ; | (എ & ബി) | ഉണ്ട്. നിലവിലെ അടിസ്ഥാന വേതനമായ 8424/- രൂപ 15000/- ആക്കി വേതനവർദ്ധനവ് നടപ്പിലാക്കണമെന്നായിരുന്നു തൊഴിലാളികളുടെ ആവശ്യം. ഇക്കാര്യത്തിൽ യൂണിയൻ നേതാക്കളും ഇന്ത്യൻ ഓയിൽ കോർപ്പറേഷൻ കോൺട്രാക്ടർമാരുമായി റീജിയണൽ ലേബർ കമ്മീഷണർ പല പ്രാവശ്യം ചർച്ച നടത്തിയെങ്കിലും ചർച്ചകൾ പരാജയപ്പെടുകയും 08.02.2016 മുതൽ തൊഴിലാളികൾ അനിശ്ചിതകാല സമരം തുടങ്ങുകയും ചെയ്തു. |
| (സി) ജില്ലാ കളക്ടർ പ്രസ്തുത വിഷയത്തിൽ എന്ത് നിലപാടാണ് കൈക്കൊണ്ടിരുന്നതെന്ന് വെളിപ്പെടുത്തുമോ; | (സി) | ഈ വിഷയത്തിൽ ജില്ലാ കളക്ടർ 08.02.2016 ൽ ഇന്ത്യൻ ഓയിൽ കോർപ്പറേഷൻ മാനേജ്മെന്റ്, കോൺട്രാക്ടർമാർ, റീജിയണൽ ലേബർ കമ്മീഷണർ, യൂണിയൻ നേതാക്കൾ എന്നിവരുമായി ചർച്ച നടത്തുകയും യൂണിയൻ നേതാക്കളോട് സമരം നിർത്തുവാനും വേതനവർദ്ധനവ് സംബന്ധിച്ച ചർച്ചകൾ തുടരുവാനും ആവശ്യപ്പെട്ടു. ആവശ്യമെങ്കിൽ 'കെസ്മ' പ്രയോഗിക്കുമെന്നും ജില്ലാ കളക്ടർ യൂണിയൻ നേതാക്കൾക്ക് മുന്നറിയിപ്പ് നല്കുകയും ചെയ്തു |
| (ഡി) ബോട്ടലിംങ്ങ് പ്ലാന്റിന് അവശ്യ സർവ്വീസ് നിയമമനുസരിച്ച് (എസ്മ) നടപടിയെടുക്കാൻ ഹൈക്കോടതി നിർദ്ദേശം നൽകിയിരുന്നോ; എങ്കിൽ ഇക്കാര്യത്തിൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വെളിപ്പെടുത്താമോ? | (ഡി) | ഇന്ത്യൻ ഓയിൽ കോർപ്പറേഷൻ ഫയൽ ചെയ്ത WP(C) 3804/2016 പ്രകാരം എൽ.പി.ജി വിതരണം സാധാരണ നിലയിലാക്കുവാൻ 'കെസ്മ' അനുസരിച്ച് നടപടിയെടുക്കാൻ ജില്ലാ കളക്ടർക്ക് ഹൈക്കോടതി നിർദ്ദേശം നല്കിയിരുന്നു. എന്നാൽ 09.02.2016-ൽ സമരം താൽക്കാലികമായി നിർത്തിവച്ചതിനാൽ തുടർ നടപടികൾ സ്വീകരിക്കേണ്ടി വന്നിട്ടില്ല. |

സെക്ഷൻ ഓഫീസർ